# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T 6756 — 04-04-2018 -ൽ മറുപടിക്ക്

### ഓഖി ദുരന്തം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എൻ.എ.നെല്ലിക്കുന്ന്** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | ഓഖി ദുരന്തത്തിൽപെട്ട എത്രപേർ ഇനിയും തിരിച്ചെത്താനുണ്ടെന്ന് വ്യക്തമാക്കാമോ? | എ) | ഓഖി ദുരന്തത്തിൽപെട്ട 91 പേർ ഇനിയും തിരിച്ചെത്താനുണ്ട്. |
| ബി) | കടലിൽ നിന്ന് പരുക്കേറ്റ് തിരിച്ചെത്തിയവർ എത്ര പേരാണെന്നും, അവർക്ക് നൽകിയ സഹായങ്ങളും ആനുകൂല്യങ്ങളും എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ; | ബി) | കടലിൽ നിന്ന് പരിക്കേറ്റ 179 പേർ തിരിച്ചെത്തി. പരിക്കേറ്റവർക്ക് അടിയന്തിര ചികിത്സ നൽകുകയും ദുരിത കാലയളവിൽ സിവിൽ സപ്ലൈസ് വഴി സൗജന്യ റേഷൻ വിതരണം ചെയ്യുകയുമുണ്ടായി. കൂടാതെ അടിയന്തിര ധനസഹായമായി 5,000/- രൂപയും ചികിത്സാ ധനസഹായമായി 20,000/- രൂപയും നൽകിയിട്ടുണ്ട്. |
| സി) | കടലിൽ നിന്ന് തിരിച്ചെത്തിയവരിൽ എത്ര പേർ ഇപ്പോൾ ചികിത്സയിലാണെന്നും ഇവരുടെ ചികിത്സാ ചെലവ് ആരാണ് വഹിക്കുന്നതെന്നും വ്യക്തമാക്കാമോ; | സി) | കടലിൽ നിന്ന് തിരിച്ചെത്തിയവരിൽ ഇപ്പോൾ ആശുപത്രികളിൽ ചികിത്സയിൽ കഴിയുന്നവരായി ആരും തന്നെയില്ല. |
| ഡി) | ക്ഷേമനിധിയിൽ അംഗമല്ലാത്തവർക്കും നഷ്ടപരിഹാരം നൽകുമോ എന്ന് വ്യക്തമാക്കാമോ; | ഡി) | വിവരം ശേഖരിച്ചു വരുന്നു. |
| ഇ) | മരിച്ചവരുടെയും കാണാതായവരുടെയും മക്കളുടെ പഠനം സർക്കാർ ഏറ്റെടുക്കുമോ എന്ന് വ്യക്തമാക്കാമോ; | ഇ) | ഓഖി ദുരന്തത്തിൽ മരണമടയുകയോ കാണാതാകുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അർഹമായ സൗജന്യ വിദ്യാഭ്യാസം / തൊഴിൽ പരിശീലനം ഉൾപ്പെടെ നൽകുന്നതിന് പൊതുവിദ്യാഭ്യാസം /ഉന്നത വിദ്യാഭ്യാസ വകുപ്പുകളെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| എഫ്) | വള്ളം, വല, എൻജിൻ എന്നിവ നഷ്ടപ്പെട്ടവർക്കുള്ള നഷ്ടപരിഹാരം നൽകിത്തുടങ്ങിയോ എന്നും ഇല്ലെങ്കിൽ എപ്പോൾ നൽകുമെന്നും വ്യക്തമാക്കാമോ? | എഫ്) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ